**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3874** **03-03-2023 - ൽ മറുപടിയ്ക്ക്**

**അനധികൃത കരുതൽതടങ്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രി എത്തുന്ന ജില്ലയിൽ അതിന് മുന്നോടിയായി പ്രമുഖ രാഷ്ട്രീയപ്പാർട്ടിയുടെ നിരവധി പ്രവർത്തകരെ കരുതൽ തടങ്കലിലാക്കിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാജ്യത്ത് ഔദ്യോഗിക സുരക്ഷ നിശ്ചയിച്ചിട്ടുള്ള എല്ലാ വ്യക്തികൾക്കുമുള്ള സുരക്ഷാ ക്രമീകരണങ്ങളും അതുമായി ബന്ധപ്പെട്ട മുൻകരുതൽ നടപടികളും കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചുള്ളതാണ്.കേരള മുഖ്യമന്ത്രിക്ക് ഇസെഡ് പ്ലസ് സുരക്ഷയാണ് ഏർപ്പെടുത്തിയിട്ടുള്ളത്. അതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരമുള്ള സുരക്ഷ സംവിധാനങ്ങളാണ് മുഖ്യമന്ത്രിയ്ക്ക് നല്കി വരുന്നത് .മുഖ്യമന്ത്രിയുടെ യാത്രയ്ക്കിടെ ഔദ്യോഗിക വാഹന വ്യൂഹത്തിലേക്ക് അതിക്രമിച്ച കയറുന്ന സാഹചര്യം ഒഴിവാക്കാനും സമരക്കാരുടെ സുരക്ഷയെ കരുതിയും മുൻകരുതൽ എന്ന നിലയിൽ ആവശ്യമായ സ്ഥലങ്ങളിൽ 151 Cr.PC പ്രകാരമുള്ള നടപടികൾ സ്വികരിച്ചിട്ടുണ്ട്.<br><br>151 Cr.PC പ്രകാരം പോലീസ് സ്വീകരിച്ച നടപടികൾക്കെതിരെ WP(C) No.24896/2022 പ്രകാരം നൽകിയ പെറ്റീഷനിൽ കുറ്റകൃത്യം തടയുന്നതിന് മുൻകരുതൽ എന്ന നിലയിൽ 151 Cr.PC പ്രകാരം നടപടി സ്വീകരിക്കുന്നതിന് പോലീസിന് അധികാരമുണ്ടെന്ന കാരണത്താൽ റിട്ട് പെറ്റീഷൻ നിലനിൽക്കുന്നതല്ല എന്ന് 21.02.2023-ൽ ബഹു. കേരളാ ഹൈ ക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | അടുത്ത ബന്ധുവിന്റെ മരണാനന്തരച്ചടങ്ങിന് പോകുന്നതിനായി ടൗണിൽ എത്തിയ പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ യുവജന പ്രവർത്തകനെയും ഭാര്യയുമൊത്ത് യാത്ര ചെയ്യുന്ന പ്രവർത്തകനെയും അടക്കം കരുതൽ തടങ്കലിലാക്കുന്ന പോലീസ് | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹു. സുപ്രീം കോടതി ഉത്തരവുകൾ ലംഘിക്കുകയോ പൗരന് ഭരണഘടന ഉറപ്പ് നൽകുന്ന അവകാശങ്ങൾ ലംഘിക്കുകയോ ചെയ്യുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഒന്നും തന്നെ പോലീസ് നടത്തിയിട്ടില്ല |

| | | | |
|---|---|---|---|
| | നടപടി വ്യക്തി സ്വാതന്ത്ര്യത്തിലേക്കുള്ള കടന്നുകയറ്റമാണോയെന്ന് വ്യക്തമാക്കുമോ; | | |
| (സി) | പോലീസിന്റെ പ്രസ്തുത നടപടി സുപ്രീം കോടതി ഉത്തരവിന്റെ ലംഘനമല്ലേയെന്ന് വ്യക്തമാക്കാമോ? | (സി) | (ബി) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ